"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വൈത്തിരി താലൂക്ക് ഓഫീസിലെ മസാൽച്ചിയായ ശ്രീമതി ചന്ദ്രിക പി. യുടെ മകളുടെ വിവാഹാവശ്യത്തിലേയ്ക്കായി ധനസഹായ വായ്പ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(സാധാ) നം.1411/2024/RD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-
1. 01.08.2023 ലെ സ.ഉ.(അച്ചടി)നം.82/2023/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ശ്രീമതി ചന്ദ്രിക പി. സമർപ്പിച്ച 25.09.2023 ലെ അപേക്ഷ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.01.2024, 27.03.2024 എന്നീ തീയതികളിലെ എൽ.ആർ/461/2024-എൽ.ആർ.(എൻ3) നമ്പർ കത്തുകൾ.

**ഉത്തരവ്**

വയനാട് ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വൈത്തിരി താലൂക്ക് ഓഫീസിലെ മസാൽച്ചി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ചന്ദ്രിക പി. യുടെ മകളുടെ വിവാഹം 2024 ജനുവരി 7 ന് നടത്താൻ നിശ്ചയിച്ചിരുന്നതിനാൽ ടി വിവാഹാവശ്യത്തിലേയ്ക്കായി 3,00,000/- രൂപ വിവാഹ ധനസഹായ വായ്പ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.വയനാട് ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ വൈത്തിരി താലൂക്ക് ഓഫീസിലെ മസാൽച്ചി ആയ ശ്രീമതി ചന്ദ്രിക പി. യുടെ മകളുടെ വിവാഹ ചെലവുകൾക്കായി പരാമർശം (1) പ്രകാരം 6% പലിശ നിരക്കിൽ 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ വിവാഹ ധനസഹായ വായ്പ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

i) ഇതുമായി ബന്ധപ്പെട്ട ചെലവ് "7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ- 800- മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ii) തുക കൈമാറുന്നതിന് മുൻപായി അപേക്ഷകയിൽ നിന്നും 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

iii) പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും

തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iv) മുതലിനത്തിൽ തിരിച്ചുപിടിക്കുന്ന തുക '7610-സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ -90-ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ-രസീത്" എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക ''0049-04-118-96 Other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

v) ജീവനക്കാരി സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

vi) വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകയ്ക്ക് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2025 നോ അതിന് മുൻപോ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vii) പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകയുടെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി 2024-25 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

viii) വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരിയുടെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

ix) പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് ഫോർ/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹ ധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
ശ്രീമതി ചന്ദ്രിക പി., പാറക്കടവിൽ (H), മണിയൻകോട് P.O., കൽപ്പറ്റ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (29.05.2024 ലെ 2789959/File No. EXP-D1/163/2024-FIN നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(REV-T1/35/2024-REV )

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
Date: 18-06-2024 17:03:32
സെക്ഷൻ ഓഫീസർ